ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 28—7—1986 വൈകുന്നേരം 5.15—ന് തിരുവനന്തപുരം സ്റ്റാച്ച്യൂ ജംഗ്ഷന് സമീപം ആയുർവ്വേദാശുപത്രിക്ക് മുൻവശത്തുള്ള റോഡിൽവച്ചു ബഷീറിനെ ബാബു, പ്രതാപൻ, തങ്കച്ചൻ, ജിഹാസ് എന്നീ സി.ഐ.റ്റി.യു. പ്രവർത്തകർ ചേർന്നു തടഞ്ഞുനിർത്തുകയും മേപ്പടിയാന്റെ പോക്കറ്റിൽ നിന്നു താഴെവീണ 50 രൂപ എടുത്തുകൊണ്ടുപോകുകയും ചെയ്തു. ആയതിലേക്ക് ബഷീറിന്റെ പരാതിമൂലം കന്റോൺമെന്റ് സ്റ്റേഷൻ, ക്രൈം 280/86 പ്രകാരവും ഐ.പി.സി. 143, 147, 149, 341, 323, 379 എന്നീ വകുപ്പുകൾ പ്രകാരവും ഒരു കേസ് 28—7—1986—ൽ 7.30—ന് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരികയാണ്. ബഷീറിന്റെ ചികിൽസാർത്ഥം തിരുവനന്തപുരം ജനറലാശുപത്രിയിലേക്ക് അയച്ചു. പ്രതികളിൽ ബാബു, ജിഹാസ് എന്നിവരെ 28—7—1986 രാത്രിയിൽത്തന്നെ അറസ്റ്റ് ചെയ്തു. അവരെ ഇന്നു കോടതിയിൽ ഹാജരാക്കി. മറ്റ് പ്രതിക്കളെ അറസ്റ്റ് ചെയ്യുന്നതിന് പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ട്. കേസന്വേഷണം കന്റോൺമെന്റ് സി.ഐ. ആണ് നടത്തുന്നത്. ബഷീർ സ്വതന്ത്രതൊഴിലാളി യൂണിയൻ പ്രവർത്തകനാണ്. സ്വതന്ത്രതൊഴിലാളിയൂണിയന്റെ ഒരു ശാഖ അടുത്തകാലത്ത് വളളക്കടവിലാരംഭിക്കുകയും പതിനാലോളം സി.ഐ.റ്റി.യു. പ്രവർത്തകർ സി. ഐ. റ്റി. യു. വിൽ നിന്നുമാറി ആ ട്രേഡ്യൂണിയനിൽ അംഗങ്ങളാകുകയും ചെയ്തതാണ് ഇതിന് കാരണമെന്നു മനസ്സിലാക്കുന്നു.

33. ഇൻഡോ—അമേരിക്കൻ കരാറനുസരിച്ച് ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെ ദുരുപയോഗം

ശ്രീ. ഇ. കെ. നായനാർ: സർ, അമേരിക്കയിൽനിന്നു കോടിക്കണക്കിന് ഉറുപ്പികയുടെ മെഡിക്കൽ ഉപകരണങ്ങളും ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുന്നുണ്ട്. ഭക്ഷ്യസാധനങ്ങളും ഇറക്കുമതി ചെയ്യുന്നുണ്ട്. ഇൻഡോ—അമേരിക്കൻ കരാറനുസരിച്ചു ഈ സാധനങ്ങൾ ജാതിമത വ്യത്യാസമില്ലാതെ ദരിദ്രർക്കും അശരണർക്കും നൽകാനാണെന്നു പറഞ്ഞാണ് ഇറക്കുമതി ചെയ്യുന്നത്. കോടിക്കണക്കിനു രൂപയുടെ ഇളവാണ് ഈ സാധനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത്. പക്ഷേ ഇവയെല്ലാം കരിഞ്ചന്തയിൽ വിറ്റുപോകുകയാണ്. ഈയിടെ അമേരിക്കൻ നിർമ്മിത 3 മെഡിക്കൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്യപ്പെട്ടത് കണ്ടുപിടിക്കപ്പെട്ടു. ന്യൂയോർക്കിൽ നിന്നുമെത്തിയ ഈ സാധനങ്ങൾ കത്തോലിക്കാ റിലീഫ് സർവ്വീസിന്റെ കൊച്ചിയിലുള്ള ഓഫീസിന് വിട്ടുകൊടുക്കുവാൻ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ കസ്റ്റംസ് രേഖകൾ സമർപ്പിച്ചു. സെൻട്രൽ എക്സൈസ് വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന ആർ.എസ്. ഇട്ടു ജൂൺ 25—ാം തീയതി കൊച്ചി കസ്റ്റംസ് കളക്ടർക്ക് അയച്ച ടെലക്സ് സന്ദേശത്തിൽ ഇതു പറഞ്ഞിരുന്നു. എറണാകുളം ലിസ്സി ആശുപത്രിക്ക് ന്യൂയോർക്കിൽനിന്നു സംഭാവന കിട്ടിയതാണെന്നാണ് ഫുഡ്കോർപ്പറേഷനോട് പറഞ്ഞത്. കസ്റ്റംസിന് ഇതു വിശ്വാസയോഗ്യമായിത്തോന്നിയില്ല. അവർ അതു വിട്ടുകൊടുക്കാൻ വിസമ്മതിച്ചു. ശ്രീ. കെ. വി. തോമസ് എം. പി. ഇടപെട്ടു അതു വിട്ടുകൊടുക്കുകയാണുണ്ടായതെന്നു പത്ര റിപ്പോർട്ടിൽ പറയുന്നു. പാവങ്ങൾക്ക് സൗജന്യചികിൽസയ്ക്ക് ലഭിക്കുന്ന കോടിക്കണക്കിന് രൂപയുടെ ഡ്യൂട്ടിയിളവുള്ള ഈ ഉപകരണങ്ങളും മറ്റും കേരളം, ആസ്സാം, ആന്ധ്രാപ്രദേശ്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലെ സഹകാര്യ

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികൾ തട്ടിയെടുക്കുകയാണ് എന്നാണ് റിപ്പോർട്ട്. ഇതു വിൽപ്പന നടത്തുന്ന ഗൂഢസംഘത്തിനു ഒത്താശ ചെയ്തുകൊടുക്കുകയാണ് എം.പി. ചെയ്തിരിക്കുന്നത് എന്നാണ് ആരോപണം. രാഷ്ട്രീയസ്വാധീനം കൊള്ളസംഘങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണ്. പാവങ്ങൾക്കുവേണ്ടിയുള്ള സഹായം തട്ടിയെടുക്കുന്ന ഈ സംസ്ഥാനത്തിലെ പ്രവർത്തനങ്ങളെ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ നടപടികളെടുക്കണം. മാത്രമല്ല, കേന്ദ്രസംസ്ഥാന മന്ത്രിസഭകളെ സ്വാധീനിച്ച് ഒരു സ്വകാര്യാശുപത്രി ഇറക്കുമതി ചെയ്ത ഒരു കോടി പതിനഞ്ച് ലക്ഷം രൂപയുടെ സ്കാനിംഗ് യന്ത്രങ്ങളും ഈ തട്ടിപ്പിന്റെ ശൃംഖലയിൽപ്പെടുന്നുണ്ട്. അക്കാര്യം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കാര്യമായി അന്വേഷിച്ച് നടപടിയെടുക്കണമെന്നാൻ ആവശ്യപ്പെടുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഇൻഡോ-അമേരിക്കൻ കരാറനുസരിച്ചു അമേരിക്കയിൽനിന്നും കൊച്ചിയിലുള്ള കത്തോലിക്കാ റിലീഫ് സൊസൈറ്റിക്ക് ലഭിച്ച മെഡിക്കൽ ഉപകരണങ്ങൾ ദുരുപയോഗം ചെയ്യുന്നതായി 28-7-1986 ലെ ദേശാഭിമാനി പത്രത്തിൽ വന്ന ഒരു വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കൊച്ചിയിലെ ലിസ്സി ആശുപത്രിയിൽ നിന്നു സി.റ്റി. സ്കാനിംഗ് ഉപകരണത്തിനു കസ്റ്റംസ് ഡ്യൂട്ടിയിളവിനുള്ള അപേക്ഷ കഴിഞ്ഞ വർഷം ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ ജില്ലാകളക്ടറുടേയും ആരോഗ്യഡയറക്ടറുടേയും അന്വേഷണ റിപ്പോർട്ടുകളനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ശുപാർശയോടുകൂടി കേന്ദ്രഗവൺമെന്റിനു അയച്ചുകൊടുത്തു. ഇതേപ്പറ്റി എന്തെങ്കിലും പരാതി സംസ്ഥാന ഗവൺമെന്റിനു ഇതുവരെ ലഭിച്ചിട്ടില്ല. പത്രറിപ്പോർട്ടിൽ ആരോപണം വന്നിട്ടുള്ള കാര്യങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിവരികയാണ്.

V. പ്രസ്താവന

1986 ജൂലായ് 22-ാം തീയതിയിലെ 371-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉപചോദ്യത്തിനുനൽകിയ മറുപടി തിരുത്തൽ

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, 22-7-1986-നു 371-ാം നമ്പർ ചോദ്യത്തിനുള്ള ഉപചോദ്യങ്ങൾക്കു ഞാൻ മറുപടി പറയവേ ഐ.ഡി.സി.ഐ. ലോൺ തരുന്നത് ബോഡിയോടുകൂടിയ ചെയിസുകൾ വാങ്ങുവാനാണ്, ചെയിസുകൾ വാങ്ങുവാനല്ല എന്നു ഈ സഭയിൽ പറയുകയും, എന്റെ പക്കൽ അപ്പോഴുള്ള വിവരം വച്ചാണ് പറയുന്നതെന്നും വിശദാംശങ്ങൾ ശേഖരിച്ച പിന്നീട് ഒരു പ്രസ്താവന ചെയ്യാമെന്നു സമ്മതിക്കുകയും ഇപ്പോൾ ബഹുമാനപ്പെട്ട ചെയറിൽ നിന്നു അനുവാദം ലഭിക്കുകയും, ചെയ്തിട്ടുള്ളതിനാൽ താഴെ പറയുന്ന വസ്തുതകൾ പ്രസ്താവിച്ചുകൊള്ളട്ടെ.

കെ.എസ്.ആർ.ടി.സി.ക്ക് ഐ.ഡി.ബി.ഐ. യിൽ നിന്നു ബോഡിയോടുകൂടിയ ബസ്സുകൾ വാങ്ങുന്നതിനും ചെയിസിസുകൾ വാങ്ങുന്നതിനും വായ്പാസൗകര്യം ലഭ്യമാണ്. 1984-85-ൽ 190 ബോഡി

LIBRARY ARCHIVES Kerala Legislative Assembly